പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 483 11.12.2012 -ലെ മറുപടി

## ശാസ്താംകോട്ട ബസ്സ് ഡിപ്പോ

ചോദ്യം | ഉത്തരം

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ടയിൽ അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ; | (എ) യും (ബി) യും | ടെണ്ടർ ചെയ്തിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ആർക്കാണ് ടെണ്ടർ നൽകിയിരിക്കുന്നത്; | | |
| (സി) | ഈ ഡിപ്പോയ്ക്കായി അനുവദിച്ചിട്ടുള്ള തുകയുടെ കണക്ക് ലഭ്യമാക്കുമോ; | (സി) | എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപയും, എം.പി. ഫണ്ടിൽ നിന്നും ഇരുപത്തിയഞ്ച് ലക്ഷം രൂപയും വാഗ്ദാനം ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ ഡിപ്പോയോട് അനുബന്ധിച്ച് വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിന് ദൂരപരിധി ബാധകമാണോ; വിശദമാക്കുമോ? | (ഡി) | ബസ് സ്റ്റേഷനും വർക്ക്ഷോപ്പും ഒരേ സ്ഥലത്തു തന്നെ സ്ഥാപിക്കുന്നതാണ് നല്ലത്. ബസ് സ്റ്റേഷനും ഗ്യാരേജും തമ്മിൽ വളരെയധികം ദൂരമുണ്ടായാൽ സർവ്വീസ് ആരംഭിക്കുന്നതിന് ഗ്യാരേജിൽ നിന്നും ബസ് സ്റ്റേഷനിലേക്കും, സർവ്വീസ് അവസാനിച്ചതിനു ശേഷം ഗ്യാരേജിലേക്കും ദിനംപ്രതി ബസ്സുകൾ ഓടുമ്പോൾ വളരെയധികം കിലോമീറ്ററുകൾ വരുമാനമില്ലാതെ ഓടിക്കേണ്ടി വരും. യാതൊരു വരുമാനവുമില്ലാതെ ഇത്തരം കിലോമീറ്ററുകൾ ഓടിക്കുമ്പോൾ ഡീസൽ ചെലവ് മുതലായ ഇനത്തിൽ |

| | | | |
|---|---|---|---|
| | | | ബാദ്ധ്യത കോർപ്പറേഷനു മേൽ വന്നുചേരുന്നതാണ്. ശാസ്താംകോട്ട ബസ് സ്റ്റേഷനിൽ നിന്നും ഗ്യാരേജിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തേക്ക് ഏകദേശം ഒരു കിലോമീറ്റർ ദൂരമുണ്ട്. ഗ്യാരേജിൽ നിന്നും ബസ് സ്റ്റേഷനിലേക്കും തിരിച്ചും ഓടുമ്പോൾ രണ്ട് കി. മീറ്റർ ദൂരം വരുമാനമില്ലാതെ Dead Kilometer ആയി ദിവസേന ഓടിക്കേണ്ടി വരും. |

സെക്ഷൻ ഓഫീസർ